**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4533** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിജയം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2018, 2019 കാലയളവിലെ പ്രളയം, കോവിഡ് - 19 മഹാമാരി, മലയോര മേഖലകളിൽ വന്യമൃഗശല്യം മൂലമുള്ള കൃഷിനാശം, കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് എന്നിവ ഉൾപ്പെടെയുള്ള കാരണങ്ങളാൽ വായ്പാക്കാരിൽ വരുമാനസാധ്യത കുറയുന്ന അവസ്ഥ സംജാതമായത് സഹകരണ സംഘം/ ബാങ്കുകളിൽ കുടിശ്ശിക/നിഷ്ക്രിയ ആസ്തി വർദ്ധിച്ചു വരുന്ന സാഹചര്യം സൃഷ്ടിച്ചിരുന്നു.<br><br>കുടിശ്ശിക നിവാരണത്തിനും, നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുമായി ആർബിട്രേഷൻ, എക്സിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇളവുകളോടെ കുടിശ്ശിക വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാറുണ്ട്.<br><br>ഈ സർക്കാരിന്റെ കാലത്ത് 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെയും, 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും, 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും, 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കിയത് പ്രകാരം 5791.28 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാന സഹകരണ ബാങ്കിൽ (കേരള ബാങ്കിൽ) 2024 ജൂൺ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്.<br><br>കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കും നിഷ്ക്രിയ ആസ്തി കുറച്ച് കൊണ്ടുവരുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ബാങ്ക് 2022-23 വർഷം 100 ശതമാനം കുടിശ്ശിക നിവാരണം എന്ന പദ്ധതിയും, 2023-24 സാമ്പത്തിക വർഷം No New NPA (NNN) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൂടാതെ സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക പരമാവധി കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ 31.03.2024 -ലെ ബാക്കി നിൽപ്പുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കുന്നതിനായി ടി കേസുകളിൽ ഉൾപ്പെട്ടവർക്ക് മാത്രമായി ഇളവുകളോടെ കുടിശ്ശിക അടച്ച് തീർത്ത് നടപടികളിൽ നിന്നും ഒഴിവാകുന്നതിനായി "ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മുറ്റത്തെ മുല്ല, സ്നേഹതീരം തുടങ്ങിയ വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് നിഷ്ക്രിയമായിരിക്കുന്ന ആസ്തികൾ പ്രയോജനപ്പെടുത്തുന്നതിനും നടപടികൾ സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം സഹകാരികൾക്ക് ആശ്വാസം പകരുന്ന നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നിഷ്ക്രിയ ആസ്തി കുറച്ച് കൊണ്ട് വരുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമ്പോൾ ഇളവുകളോടെ വായ്പാക്കാർക്ക് കുടിശ്ശിക അടച്ച് തീർക്കുന്നതിനുള്ള അവസരം നൽകി വരുന്നുണ്ട്.<br><br>ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നു. പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് സാധിക്കുന്നു.<br><br>കൂടാതെ സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരക രോഗങ്ങൾ ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗീകമായോ/ പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത ഭാഗീകമായോ/ പൂർണ്ണമായോ ഇളവ് നൽകുന്നതിനുള്ള വ്യവസ്ഥകളും നവകേരളീയം |

| | | | |
|---|---|---|---|
| | | | കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ? | (സി) | കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച കേരള സഹകരണ കടാശ്വാസ പദ്ധതി 2008 (Risk Fund Scheme) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പാലാക്കി വരുന്നത്.<br><br>കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ബാദ്ധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.<br><br>പ്രസ്തുത പദ്ധതിയുടെ ധന സഹായം അനുവദിച്ച് നൽകുന്നത് സർക്കാർ അംഗീകരിച്ചു നൽകിയ റിസ്ക് ഫണ്ട് നിയമാവലിക്കു വിധേയമായിട്ടാണ്. സംസ്ഥാനത്തെ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ആൾ മരണപ്പെടുകയോ/ മാരക രോഗം പിടിപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ വായ്പാക്കാർക്ക് ചുവടെ പറയും പ്രകാരം നഷ്ടപരിഹാരമായി റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകാറുണ്ട്.<br><br>1. മരണാനന്തര സഹായം - ഈ പദ്ധതി 2008 -ൽ ആരംഭിച്ചുവെങ്കിലും 2010 മുതലാണ് പ്രാവർത്തികമാക്കിയത്. 2010 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കിനില്പോ, പരമാവധി 3,00,000/- രൂപയോ ധനസഹായമായി സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകി വരുന്നു. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.<br>2. മാരകരോഗം - ഈ പദ്ധതിയുടെ ആനുകൂല്യം വായ്പ എടുത്തതിന് ശേഷം മാരകരോഗം (ക്യാൻസർ ബാധിതർ, കിഡ്നി |

| | | | |
|---|---|---|---|
| | | | സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എച്ച്.ഐ.വി ബാധിച്ചവർ, ടി.ബി, ലിവർ സിറോസിസ്) പിടിപെടുന്ന അംഗങ്ങൾ എന്നിവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,25,000/- രൂപയോ ധനസഹായം നൽകി വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കേരള സഹകരണ വികസനക്ഷേമനിധി ബോർഡിൽ നിന്നും റിസ്ക് ഫണ്ട് ആനുകല്യത്തിനായി മരണാനന്തര, ചികിത്സാ ധനസഹായമായി 23.06.2024 വരെ 34,133 വായ്പകളിലായി 303.97 കോടി രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ